**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അതിനായി ചെലവഴിച്ച തുക എത്രയൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസരണ മേഖലയിൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അതിലേക്കായി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു,<br><br>1. നിലവിലുള്ള 110 കെ.വി. ഒറ്റപ്പാലം സബ്സ്റ്റേഷന്റെ ശേഷി 22.5 എം. വി. എ യിൽ നിന്ന് 25 എം.വി.എ ആയി ഉയർത്തി ആയതിന്റെ പദ്ധതി ചെലവ് 182 ലക്ഷം രൂപ.<br>2. ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് ചെർപ്പുളശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിലേക്കുള്ള വൈദ്യുതി ലൈൻ പുന:ക്രമീകരിച്ചതു വഴി ചെർപ്പുളശ്ശേരി സബ്സ്റ്റേഷനിലേക്ക്, 110 കെ.വി. ഒറ്റപ്പാലം സബ്സ്റ്റേഷനോടൊപ്പം ഷൊർണ്ണൂർ സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ സാധിച്ചു. ആയതിന്റെ പദ്ധതി ചെലവ് 34 ലക്ഷം രൂപ.<br><br>നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണ വിഭാഗത്തിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ഇലക്ട്രിക്കൽ സർക്കിൾ ഷൊർണ്ണൂരിന്റെ കീഴിൽ വരുന്ന ഇലക്ട്രിക്കൽ ഡിവിഷൻ ഷൊർണ്ണൂർ നടപ്പിലാക്കിയ 13,20,12,099/- രൂപയുടെ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത്/ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി ഉയർത്തുന്നത്/ കേടായവ മാറ്റുന്നത് – 66 എണ്ണം, തുക – 20409033/- രൂപ.<br><br>ii. LT ലൈനുകളുടെ നിർമ്മാണം (ABC ഉൾപ്പെടെ), ഫേസ് കൺവേർഷൻ, റീകണ്ടക്റിംഗ് – 712.421 കി.മീ, തുക 51092547/- രൂപ. |

| | | | |
|---|---|---|---|
| | | | Iii. HT ലൈനുകളുടെ നിർമ്മാണം, ഫേസ് കൺവേർഷൻ, റീകണ്ടക്റ്ററിംഗ് – 51.905 കി.മീ, തുക – 51360664/- രൂപ.<br><br>Iv. ഫാൾട്ട് പാസ് ഡിക്റ്ററുകളുടെ സ്ഥാപനം - 62 എണ്ണം, തുക 744000/- രൂപ.<br><br>v പുതിയ മീറ്ററുകൾ സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ - 13119 എണ്ണം, തുക – 8405855/- രൂപ.<br><br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി 1,95,230/- രൂപ ചെലവാക്കി വൈദ്യുത വാഹനങ്ങൾക്കായി ഏഴ് (7) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഒറ്റപ്പാലം മണ്ഡലത്തിൽ സൗര പദ്ധതിയുടെ ഭാഗമായി 10 പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിത ശേഷി 87 kW. ഇതിനായി ആകെ 34,29,641/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ കീഴിൽ എത്ര സ്ഥലമാണ് ഉള്ളതെന്നും ഈ സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവ്യത്തിക്കുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ 3.45 ഏക്കർ സ്ഥലത്തിൽ ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷൻ, സബ്സ്റ്റേഷൻ സബ് ഡിവിഷൻ ഒറ്റപ്പാലം, ഇലക്ട്രിക്കൽ സെക്ഷൻ ഒറ്റപ്പാലം എന്നിവ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ